"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഭക്ഷ്യപൊതുവിതരണ വകുപ്പ് - WP(C) No.15369/2024 അന്യായത്തിലെ ബഹു.കേരള ഹൈക്കോടതിയുടെ 12/04/2024- ലെ വിധിന്യായം - ശ്രീ.പുഷ്പനാഥൻ കെ. സമർപ്പിച്ച പുനരവലോകന ഹർജി - തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭക്ഷ്യപൊതുവിതരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.189/2024/F&CS തീയതി,തിരുവനന്തപുരം, 13-07-2024

---

പരാമർശം:-

1. കോഴിക്കോട് ജില്ലാ സപ്ലൈ ഓഫീസറുടെ 27/04/2023-ലെ DSOKKD/229/2023-CS2 നം.നടപടിക്രമം.
2. കോഴിക്കോട് ജില്ലാ കളക്ടറുടെ 18/01/2024-ലെ DSOKKD/272/2023-CS2-നം.നടപടിക്രമം.
3. ശ്രീ.പുഷ്പനാഥൻ കെ. സമർപ്പിച്ച 20.03.2024 ലെ പുനരവലോകന ഹർജി.
4. WP(C) No. 15369/2024 നമ്പർ അന്യായത്തിലെ ബഹു.കേരള ഹൈക്കോടതിയുടെ 12/04/2024- ലെ വിധിന്യായം
5. പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറുടെ 14/05/2024-ലെ CCS/2683/2024-A8 നം. റിപ്പോർട്ട്,

**<u>ഉത്തരവ്</u>**

കോഴിക്കോട് ജില്ല കോഴിക്കോട് താലൂക്കിലെ **CRO(s)** FPS 170-ന്റെ സ്ഥിരം ലൈസൻസിയ്ക്കായുള്ള നിയമനത്തിനായി 16.05.2022-ൽ ജില്ലാ സപ്ലൈ ഓഫീസർ വിജ്ഞാപനം ക്ഷണിച്ചിരുന്നു. എന്നാൽ പ്രസ്തുത വിജ്ഞാപനം റദ്ദ് ചെയ്ത് FPS 170 ൽ സെയിൽസ്മാനായി പ്രവർത്തിക്കുന്ന തന്നെ പ്രസ്തുത കടയുടെ സ്ഥിരം ലൈസൻസിയായി നിയമിക്കണം എന്നാവശ്യപ്പെട്ട് ശ്രീ.പുഷ്പനാഥൻ കെ., ബഹു.ഹൈക്കോടതിയിൽ **WP(C) 19622/2022** ആയി അന്യായം ഫയൽ ചെയ്തു. പ്രസ്തുത റിട്ട് പെറ്റീഷനിൽ, സെയിൽസ്മാൻ ആയി ജോലിനോക്കുന്ന ശ്രീ.പുഷ്പനാഥൻ, വിധി പകർപ്പ് കൈപ്പറ്റി രണ്ട് ആഴ്ച സമയപരിധിയിൽ എല്ലാ രേഖകളും സഹിതം പ്രസ്തുത കടയുടെ സ്ഥിരം ലൈസൻസി നിയമനത്തിന് അപേക്ഷിക്കാവുന്നതാണ് എന്ന് ഉത്തരവായി. ആയതുപ്രകാരം ശ്രീ.പുഷ്പനാഥൻ കെ. പ്രസ്തുത കടയുടെ ലൈസൻസി നിയമനത്തിന് ജില്ലാ സപ്ലൈ ഓഫീസർ മുൻപാകെ അപേക്ഷ സമർപ്പിക്കുകയുണ്ടായി. കേരള ലക്ഷ്യാധിഷ്ഠിത പൊതുവിതരണ സംവിധാനം (നിയന്ത്രണ) ഉത്തരവ് 2021 ഖണ്ഡിക 37 (5) പ്രകാരം ശ്രീ.പുഷ്പനാഥൻ കെ. യ്ക്ക് നിയമനം ലഭിക്കാൻ അർഹത ഇല്ലെന്നും, FPS 170-ാം

നം റേഷൻ കട 2015 ൽ റദ്ദ് ചെയ്യപ്പെട്ടിട്ടുള്ളതാണ് എന്നീ വസ്തുതകൾ ചൂണ്ടിക്കാട്ടി ശ്രീ.പുഷ്പനാഥൻ കെ. സമർപ്പിച്ച അപേക്ഷ നിരസിച്ച് പരാമർശം (1) പ്രകാരം കോഴിക്കോട് ജില്ലാ സപ്ലൈ ഓഫീസർ ഉത്തരവായി.

(2) പരാമർശം (1) ഉത്തരവിനെതിരെ ശ്രീ.പുഷ്പനാഥൻ കെ. കോഴിക്കോട് ജില്ലാ കളക്ടർക്ക് അപ്പീൽ സമർപ്പിക്കുകയുണ്ടായി. ബഹു. ഹൈക്കോടതിയുടെ 24/02/2023-ലെ വിധിന്യായം, പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറുടെ കത്ത്, അഡ്വ. ജനറലിൽ നിന്നുള്ള നിയമോപദേശം, ജില്ലാ സപ്ലൈ ഓഫീസറുടെ ഉത്തരവ്, അപ്പീൽ അപേക്ഷകൻ ശ്രീ പുഷ്പനാഥന്റെ വാദഗതികൾ എന്നിവ ജില്ലാ കളക്ടർ വിശദമായി പരിശോധിച്ച ശേഷം, ശ്രീ പുഷ്പനാഥന്റെ അപ്പീൽ ഹർജി നിരസിച്ച് പരാമർശം (2) പ്രകാരം ഉത്തരവായി.

(3) പരാമർശം (1),(2) ഉത്തരവുകൾക്കെതിരെ ശ്രീ പുഷ്പനാഥൻ കെ. സർക്കാരിൽ പുനരവലോകന ഹർജി സമർപ്പിക്കുകയും , ബഹു.കേരള ഹൈക്കോടതി മുൻപാകെ WP(C) നം.15369/2024 അന്യായം ഫയൽ ചെയ്യുകയുമുണ്ടായി.

(4) WP(C).No 15369/2024 മേൽ ബഹു.കേരള ഹൈക്കോടതി 12/04/2024-ൽ പുറപ്പെടുവിച്ച വിധിന്യായപ്രകാരം 29.05.2024 ൽ സർക്കാർ ശ്രീ പുഷ്പനാഥനെ നേരിൽ കേൾക്കുകയുണ്ടായി. ന്യായവില കടയുടെ സെയിൽസ്മാനായി തനിക്ക് പത്തു വർഷത്തിൽ കൂടുതൽ പരിചയം ഉണ്ടെന്നും, മതിയായ വിദ്യാഭ്യാസ യോഗ്യതയുണ്ടെന്നും മറ്റു വരുമാന മാർഗ്ഗങ്ങൾ ഒന്നും ഇല്ലെന്നും ആയതിനാൽ റേഷൻകട നം. 170-ന്റെ ലൈസൻസിയായി തന്നെ നിയമിക്കണമെന്നു ശ്രീ പുഷ്പനാഥൻ അപേക്ഷിച്ചു.

(5) ശ്രീ.പുഷ്പനാഥൻ കെ. സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി, ബഹു.കേരള ഹൈക്കോടതിയുടെ 12/04/2024-ലെ വിധിന്യായം,ടിയാന്റെ അപേക്ഷ നിരസിച്ച ജില്ലാ സപ്ലൈ ഓഫീസറുടെയും ജില്ലാ കളക്ടറുടെയും ഉത്തരവുകൾ, ഈ വിഷയത്തിലുള്ള ഭക്ഷ്യപൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറുടെ റിപ്പോർട്ട്,ഹിയറിങ് വേളയിൽ ഹർജിക്കാരൻ ഉയർത്തിയ വാദഗതികൾ എന്നിവ ബന്ധപ്പെട്ട ചട്ടങ്ങളുടെയും ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിക്കുകയുണ്ടായി .

(6) കേരള ലക്ഷ്യാധിഷ്ഠിത പൊതുവിതരണ സംവിധാനം (നിയന്ത്രണ) ഉത്തരവ് 2021 നിലവിൽ വന്ന 18.02.2021 ന്, കേരള റേഷനിംഗ് ഓർഡർ 1966 പ്രകാരം നിലവിലുള്ള ലൈസൻസികൾക്ക് മാത്രമേ കേരള ലക്ഷ്യാധിഷ്ഠിത പൊതുവിതരണ സംവിധാനം (നിയന്ത്രണ) ഉത്തരവ് 2021 ലെ ഖണ്ഡിക 37 (1) മുതൽ (6) വരെയുള്ള ഉപഖണ്ഡികകൾ ബാധകമാകുകയുള്ളു. 18.02.2021 നോ അതിന് മുമ്പോ റദ്ദ് ചെയ്ത് അറ്റാച്ച് ചെയ്തു ന്യായവിലകടകളിലെ സെയിൽസ്മാൻ/സെയിൽസ് വുമൺ ന് 10 വർഷത്തിൽ കൂടുതൽ പ്രവർത്തി പരിചയം ഉണ്ടെങ്കിൽ കൂടിയും കേരള ലക്ഷ്യാധിഷ്ഠിത പൊതുവിതരണ സംവിധാനം (നിയന്ത്രണ) ഉത്തരവ് 2021 ഖണ്ഡിക 37 (5) പ്രകാരം നിയമനം ലഭിക്കാൻ അർഹത ഇല്ല. FPS 170 നം റേഷൻ കട 2015 ൽ റദ്ദ് ചെയ്യപ്പെട്ടിട്ടുള്ളതും, **18.02.2021** ന് മുമ്പ് 29 ആം നമ്പർ റേഷൻ കടയിൽ അറ്റാച്ച് ചെയ്ത് പ്രവർത്തിക്കുകയുമായിരുന്നു.

(7) മേൽ സാഹചര്യത്തിൽ, കോഴിക്കോട് ജില്ലയിലെ സിറ്റി റേഷനിംഗ് ഓഫീസ് (നോർത്ത്) പരിധിയിലെ 170 നമ്പർ റേഷൻ കടയുടെ സ്ഥിരം ലൈസൻസി നിയമനം സംബന്ധിച്ച പരാമർശം (1) ലെ ഉത്തരവും,ജില്ലാ കളക്ടറുടെ 18/01/2024-ലെ നടപടിക്രമവും ശരിവെച്ചും ശ്രീ പുഷ്പനാഥൻ കെ. സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി നിരസിച്ചും, റേഷൻ കടയുടെ സ്ഥിരം ലൈസൻസി നിയമനത്തിനുള്ള വിജ്ഞാപന നടപടികളുമായി മുന്നോട്ടു പോകാൻ ജില്ലാ സപ്ലൈ ആഫീസർക്കു നിർദേശം നല്കിയും ഇതിനാൽ ഉത്തരാവാകുന്നു .

(8) WP(C).No 15369/2024 ന്മേൽ ബഹു.കേരള ഹൈക്കോടതി 12/04/2024-ൽ പുറപ്പെടുവിച്ച വിധിന്യായം ഇപ്രകാരം നടപ്പിൽ വരുത്തുന്നു .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJENDRAN CHETTIYAR K
ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ.പുഷ്പനാഥൻ കെ.,Kandiyil House,Kottooli post,
Kozhikode - 673016.

പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ, തിരുവനന്തപുരം

അഡ്വക്കേറ്റ് ജനറൽ എറണാകുളം.(ആമുഖ കത്ത് സഹിതം)

ജില്ലാകളക്ടർ ,കോഴിക്കോട്

ജില്ലാ സപ്ലൈ ഓഫീസർ, കോഴിക്കോട്

വിവര പൊതുജനസമ്പർക്ക (വെബ് ആൻഡ് ന്യൂ മീഡിയ ) വകുപ്പ്.

കരുതൽ ഫയൽ (FCSD -B2/69/2024-FCSD)/ഓഫീസ്പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Sneha S Nair
Date: 15-07-2024 15:09:55

<u>പകർപ്പ്</u>

ബഹു. ഭക്ഷ്യപൊതുവിതരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ഭക്ഷ്യപൊതുവിതരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

ഭക്ഷ്യപൊതുവിതരണ വകുപ്പ് ജോയിന്റ് സെക്രട്ടറിയ്ക്ക്

ഭക്ഷ്യപൊതുവിതരണ വകുപ്പ് ഡെപ്യൂട്ടിസെക്രട്ടറിയ്ക്ക്